133 (1042) ഇടുക്കി ജില്ലാ സഹകരണബാങ്കിന്റെ നിക്ഷേപം

<u>ശ്രീ. ഇ.എം. അഗസ്തി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലാ സഹകരണബാങ്കിന്റെ നിക്ഷേപം 1996 ഏപ്രിൽ മുതൽ കുറഞ്ഞു വരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്താണ് കാരണം; ഇല്ലെങ്കിൽ ഇതിനെക്കുറിച്ച് അന്വേഷണം നടത്തി നിജസ്ഥിതി വെളിപ്പെടുത്തുമോ;

(ബി) ഇടുക്കി ജില്ലാ സഹകരണബാങ്കിന്റെ ഇപ്പോഴത്തെ ഭരണസമിതി അധികാരത്തിൽ വന്നതിനുശേഷം എത്ര വാഹനങ്ങൾ വാങ്ങിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഏതെല്ലാം; ഇതിന് എന്തു വിലയായി;

(സി) നിലവിലുണ്ടായിരുന്ന എത്ര വാഹനങ്ങൾ വിറ്റിട്ടുണ്ട്; എന്തു വിലയ്ക്കാണ് വിറ്റത്; ആർക്കാണ് വില്പന നടത്തിയതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇടുക്കി ജില്ലാ സഹകരണബാങ്കിന്റെ നിക്ഷേപം 1996 ഏപ്രിൽ മുതൽ കുറഞ്ഞുവരുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ബാങ്കിൽ 1996 ഏപ്രിൽ മാസത്തിൽ നിക്ഷേപം 5850.39 ലക്ഷം രൂപയായിരുന്നത് 1999 സെപ്തംബർ മാസത്തിൽ 9894.36 ലക്ഷം രൂപയായി ഉയരുകയാണ് ചെയ്തിട്ടുള്ളത്.

(ബി) നിലവിലുള്ള ഭരണസമിതി രണ്ടു വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്.

1. മാരുതി എസ്റ്റീംകാർ വില 5,56,146 രൂപ.

2. അംബാസിഡർ കാർ (ഡീസൽ) വില 4,58,700 രൂപ

(സി) വ്യക്തമാക്കാം. ബാങ്കിന്റെ രണ്ടു വാഹനങ്ങൾ വില്പന നടത്തിയിട്ടുണ്ട്.

1. ഒരു ടാറ്റാ സുമോ - 2,45,000/- രൂപയ്ക്ക് ശ്രീ.എം.എം. എബ്രഹാം, മുണ്ടപ്ലാക്കൽ വീട്, തൊടുപുഴ എന്ന ആൾക്കാണ് വിറ്റത്.

2. ഒരു അംബാസിഡർകാർ 1,60,000/- രൂപയ്ക്ക് ശ്രീ.ബിനു ആന്റണി, ഫ്ളവർവില്ല, ചെറുതോണി ആൾക്ക് വിറ്റു.

134 (1043) സഹകരണസംഘങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ്

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. കെ. സുധാകരൻ</u> :
<u>ശ്രീ. കെ.പി. വിശ്വനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണസംഘങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തുവാൻ സ്വതന്ത്ര സമിതി സൃഷ്ടിക്കണമെന്ന് കേരള ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിർദ്ദേശം ഗവണ്മെന്റ് പരിഗണിച്ചിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് എന്തു തീരുമാനമെടുത്തു?

LIBRARY ARCHIVES Kerala Legislative Assembly